**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5367** **03-11-2021 - ൽ മറുപടിയ്ക്ക്**

**നോളജ് ഇക്കോണമി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നോളജ് ഇക്കോണമി മിഷൻ എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | കേരളം അന്തർദേശീയതലത്തിൽ മാനവ വികസനസൂചികയിൽ (ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സ്) വികസിതരാജ്യങ്ങൾക്കൊപ്പം നിൽക്കുന്ന സംസ്ഥാനമാണ്. എന്നാൽ യോഗ്യതകൾക്കനുസരിച്ചുള്ള ജോലി ലഭിക്കാത്തവരും (അണ്ടർ എംപ്ലോയ്ഡ്), കുറഞ്ഞ കാലം ജോലി ചെയ്ത് ജോലി നഷ്ടപ്പെട്ടവരും, കോവിഡ് മഹാമാരിയുടെ ഭാഗമായി മടങ്ങിവന്ന പ്രവാസികളും, വിവിധ പ്രൊഫഷണൽ കോഴ്സ് പാസായി ജോലി നോക്കുന്നവരും, വീട്ടമ്മമാരും ഉൾപ്പെടുന്ന കേരളീയ സമൂഹത്തിന്റെ സാമ്പത്തിക വികസനത്തിനും സാമൂഹ്യജീവിത ഗുണനിലവാരം ഉയർത്തുന്നതിനുമായി, വരുന്ന അഞ്ചു വർഷത്തിനിടയിൽ 20 ലക്ഷം പേർക്ക് മാന്യമായ തൊഴിലും സ്ഥിരവരുമാനവും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ 2021 ജനുവരി 15 ന്റെ ബജറ്റിലും പിന്നീട് ജൂണിൽ പുതുക്കിയ ബജറ്റ് രേഖയിലും പ്രഖ്യാപിച്ച പ്രകാരം കേരളത്തെ വൈജ്ഞാനിക സമ്പദ് വ്യവസ്ഥയായി മാറ്റുന്നതിനും അഭ്യസ്തവിദ്യരായ യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വേണ്ടി നടപ്പിലാക്കുന്ന വിപുലമായ ഒരു പരിശീലന പരിപാടിയാണ് കേരള നോളജ് ഇക്കണോമി മിഷൻ (KKEM). സമഗ്രമായ ഇന്നൊവേഷൻ പ്രോത്സാഹനം , ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമൂലമായ പുനഃസംഘടന, കേരള സമ്പദ് വ്യവസ്ഥയുടെ വ്യത്യസ്ത ഘടകങ്ങളുടെ ഡിജിറ്റൽ രൂപാന്തരീകരണം എന്നീ ഘടകങ്ങളടങ്ങുന്ന ഈ കർമ്മപരിപാടി മുഖേന കേരളത്തിലെ തൊഴിലന്വേഷകർക്ക് അവരുടെ വിദ്യാഭ്യാസ നിലവാരത്തിനും നൈപുണ്യത്തിനും അനുയോജ്യമായ തൊഴിലുകൾ നേടാൻ അവസരമൊരുക്കുകയാണ്. ഇതിൽ നേരത്തെ തന്നെ വിവിധ വൈദഗ്ധ്യ തൊഴിലുകളിൽ (സ്കിൽഡ് |

ലേബർ) ഏർപ്പെട്ടവരെയും ഔപചാരികമായി നൈപുണ്യ പരിശീലനം നേടിയവരെയും ഇവരുടെ അഭിരുചിക്കും നൈപുണ്യത്തിനും അനുഭവ സമ്പത്തിനും അനുയോജ്യമായതും ഇന്നത്തെ ലോക തൊഴിൽ മേഖലയിൽ വന്ന മാറ്റങ്ങൾക്കും കോവിഡാനന്തര സമ്പദ് വ്യവസ്ഥയുടെ പുതിയ സാഹചര്യങ്ങൾക്കും അനുസൃതമായ തൊഴിൽ സംരംഭങ്ങളിലും തൊഴിൽമേഖലകളിലും എത്തിപ്പെടാനുള്ള സാധ്യത ഒരുക്കുക, തൊഴിൽ മേഖലകളിൽ നിന്ന് വിവിധ കാരണങ്ങളാൽ പുറത്തായവരും അഭ്യസ്തവിദ്യരും തങ്ങളുടെ വൈദഗ്ധ്യ മേഖലകളിലോ താല്പര്യത്തിനനുസൃതമായതോ ആയ തൊഴിൽ ലഭിക്കാത്ത വീട്ടമ്മമാരായി കഴിയുന്ന സ്ത്രീകളുമുൾപ്പെടെയുള്ളവർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്തി അതിനാവശ്യമായ നൈപുണ്യം ആർജ്ജിക്കാനുള്ള പരിശീലനം നൽകി തൊഴിൽ നേടാൻ പ്രാപ്തരാക്കുക എന്നിവയാണ് നോളജ് ഇക്കോണമി മിഷൻ കൊണ്ട് ലക്ഷ്യമിടുന്നത്. ഇതോടൊപ്പം തന്നെ കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ പഠനം പൂർത്തിയാക്കി കോവിഡ് സാഹചര്യം മുൻനിർത്തി തൊഴിൽ മേഖലകളിൽ പ്രവേശിക്കാനാവാത്ത ബിരുദധാരികൾ ഉൾപ്പെടെയുള്ള തൊഴിലന്വേഷകർ മുതലായവരെയും അവർക്കനുയോജ്യമായ തൊഴിൽ ദാതാക്കളായ പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ വിവിധ കമ്പനികൾ, MSME (Micro, Small & Medium Enterprises)കൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവരെയും ഒരു വെർച്വൽ പ്ലാറ്റ്ഫോമിൽ ഒന്നിപ്പിച്ച് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിനായി ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) നിലവിൽ വന്നുകഴിഞ്ഞു. സംസ്ഥാനത്തെ എംപ്ലോയെന്റ് പോർട്ടൽ, ASAP (Additional Skill Acquisition Programme Kerala), KASE (Kerala Academy for Skills Excellence), കുടുംബശ്രീ എന്നീ വിവിധ ഏജൻസികളുടെ പോർട്ടലുകളിലെ വിവരങ്ങളും കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി തയ്യാറാക്കി പരിപാലിക്കുന്ന ഈ സംയോജിത പോർട്ടലുമായി ബന്ധിപ്പിക്കും. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന നോളജ് ഇക്കണോമി മിഷന്റെ സ്ട്രാറ്റജി പേപ്പർ കെ-ഡിസ്കിന്റെ നേതൃത്വത്തിൽ തയ്യാറാക്കി ആസൂത്രണബോർഡിന്റെയും ബന്ധപ്പെട്ട വകുപ്പുകളുടെയും കൂടിയാലോചനകളും നടത്തി ലഭ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി

| | | | |
|---|---|---|---|
| | | | അന്തിമാനുമതിക്കും അംഗീകാരത്തിനുമായി സമർപ്പിച്ചിട്ടുള്ളത് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും അഭ്യസ്തവിദ്യരായ ചെറുപ്പക്കാരിലേയ്ക്ക് പദ്ധതി എത്തിക്കുന്നതിനും കൂടുതൽ പ്രചാരണ പരിപാടികൾ സ്വീകരിക്കുമോ? | (ബി) | നോളജ് ഇക്കണോമി മിഷന്റെ സ്ട്രാറ്റജി പേപ്പറിന്റെ അന്തിമാനുമതിക്കു ശേഷം വിപുലമായ പ്രചാരണ പരിപാടികൾ നടത്തുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ